"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ-തിരുവനന്തപുരം ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല വഹിച്ച ശ്രീമതി ഫാത്തിമ വി.എം, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചാർജ്ജ് അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.872/2026/LSGD തീയതി,തിരുവനന്തപുരം, 08-04-2026

---

പരാമർശം:-
1. സ.ഉ(സാധാ) നം. 561/2023/തസ്വഭവ, തീയതി 06.03.2023
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 11-12-2025-ലെ LSGD/PD/18269/2025-DEH4 നമ്പർ കത്ത്
3. സ.ഉ(സാധാ) നം. 351/2026/തസ്വഭവ, തീയതി 09.02.2026

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല വഹിച്ച ശ്രീമതി ഫാത്തിമ വി.എം, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

31/01/2023 മുതൽ 01/04/2023 വരെയുള്ള കാലയളവിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല നല്കിയ നടപടി പരാമർശം (1) പ്രകാരവും, 20/09/2022 അപരാഹ്നം മുതൽ 25/10/2022 പൂർവ്വാഹ്നം വരെയുള്ള കാലയളവിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അധിക ചുമതല നൽകിയ നടപടി പരാമർശം (3) പ്രകാരവും സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു തന്റെ റഗുലർ തസ്തികയുടെ ചുമതലകൾക്ക് പുറമേ, പൂർണ്ണ അധിക ചുമതല വഹിച്ച തസ്തികകളുടെ സാമ്പത്തികവും ഭരണപരവും

നിയമപരവുമായ (administrative, financial & statutory) എല്ലാ ചുമതലകളും ടി കാലയളവിൽ തൃപ്തികരമായി നിർവ്വഹിച്ചിട്ടുണ്ടെന്ന പൂർണ്ണ അധികചുമതല വഹിച്ച തസ്തികയുടെ മേലധികാരിയുടെ കാര്യക്ഷമതാ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ , കെ.എസ്. ആർ ഭാഗം I, ചട്ടങ്ങൾ 53 (b) (2) [as amended vide G.O(P) No 88/2017/Fin dated 11.07.2017], 53 A II (C), 53 (c) എന്നിവ പ്രകാരം ശ്രീമതി. ഫാത്തിമ വി എം-ന് അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ 22.09.2022 മുതൽ 24.10.2022 വരെയും 01.02.2023 മുതൽ 31.03.2023 വരെയുമുള്ള കാലയളവിൽ ചാർജ് അലവൻസ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
4. ശ്രീമതി. ഫാത്തിമ വി എം, എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 08-04-2026 13:43:19